# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2223 06.10.2016 ൽ മറുപടിക്ക്

## പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തൽ


ചോദ്യം
ശ്രീ. കെ.വി.അബ്ദുൾഖാദർ
ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.ആന്റണി ജോൺ
" യു.ആർ പ്രദീപ്

ഉത്തരം
പ്രൊഫ. സി.രവീന്ദ്രനാഥ്
[വിദ്യാഭ്യാസ വകുപ്പ് മന്ത്രി]


എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

ബി) പൊതുവിദ്യാഭ്യാസമേഖലയുടെ നിലവാരം ഉയർത്താനായി എന്തൊക്കെ പദ്ധതികളാണുള്ളത് ;

എ) & ബി) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് എസ്.സി.ഇ.ആർ.റ്റി ഉൾപ്പെടെ വിവിധ ഏജൻസികൾ പഠനം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി പാഠ്യപദ്ധതികൾ പരിഷ്കരിക്കുകയും അതിൻപ്രകാരം പാഠപുസ്തകങ്ങൾ തയ്യാറാക്കി കുട്ടികൾക്ക് വിതരണം ചെയ്യുകയുംചെയ്തിട്ടുണ്ട്. ഇതോടൊപ്പം അദ്ധ്യാപകരെ ശാക്തീകരിക്കുന്നതിനായി മെച്ചപ്പെട്ട പരിശീലനം നൽകി വരുന്നതോടൊപ്പം ഐ.റ്റി. അധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി ഐ.റ്റി@ സ്കൂളിന്റെ നേതൃത്വത്തിൽ സ്മാർട്ട് ക്ലാസ്സ് റൂം തുടങ്ങി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി പ്ലാൻഫണ്ട്, എസ്.എസ്.എ, ആർ.എം.എസ്.എ എന്നിവയുടെ ഫണ്ടുകൾ ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിനായി 1000 സ്കൂളുകളെ തെരഞ്ഞെടുത്ത് അതിന്റെ പ്രവർത്തനവും ആരംഭിച്ചു വരികയാണ്. ഗുണമേന്മാ വിദ്യാഭ്യാസം നടപ്പാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച വിവിധ കർമ്മ പരിപാടികളെ അടിസ്ഥാനപ്പെടുത്തി എസ്.സി.ഇ.ആർ.ടി താഴെ പറയുന്ന വിവിധ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്.

- സമഗ്ര ഗുണമേന്മാ വിദ്യാലയാസൂത്രണ പദ്ധതി
- പ്രൈമറി തലത്തിൽ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിനുള്ള അദ്ധ്യാപക ശാക്തീകരണ പരിപാടി,
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന

കുട്ടികൾക്കായി പ്രൈമറി - സെക്കന്ററി തലങ്ങളിൽ പ്രത്യേക പഠന പരിപാടി,

- ആറായിരത്തോളം പ്രൈമറിതല പ്രഥമാധ്യാപകർക്ക് ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ശാക്തീകരണ പരിപാടി,
- ക്ലാസ്സ്തല മോണിറ്ററിംഗിനും സ്കൂൾതല മോണിറ്ററിംഗിനും സ്ഥിരം സംവിധാനത്തിന് രൂപരേഖയും കർമ്മ പരിപാടിയും.

ഐ.റ്റി.അധിഷ്ഠിത പഠനം ശക്തമാക്കുന്നതിന് പ്രൈമറി ക്ലാസുകളിലേയ്ക്ക് ആക്ടിവിറ്റി പുസ്തകങ്ങൾ ഐ.ടി @ സ്കൂളിന്റെ സഹകരണത്തോടെ തയ്യാറാക്കിയിട്ടുണ്ട്.

സി) പാഠ്യപദ്ധതി നവീകരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; പഠിതാക്കളെ സാങ്കേതികജ്ഞാനമുള്ളവരാക്കി മാറ്റുന്നതുപോലെ തന്നെ സാമൂഹിക ബോധമുള്ളവരാക്കിത്തീർക്കാൻ ഉതകുന്ന പാഠ്യക്രമം രൂപീകരിക്കാൻ ശ്രമമുണ്ടാകുമോ?

സി) പാഠ്യ പദ്ധതികൾ പരിഷ്കരിക്കുകയും അതിൻപ്രകാരം പാഠപുസ്തകങ്ങൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠ്യ പദ്ധതി പരിഷ്കരണത്തിലൂടെ കുട്ടികൾക്ക് കൂടുതൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുട്ടികളെ സാങ്കേതിക ജ്ഞാനമുള്ളവരാക്കി മാറ്റുന്നതിനായി ഐ.റ്റി അധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ട് വിവിധ പ്രവർത്തനങ്ങൾ ഐറ്റി@ സ്കൂളിന്റെ നേതൃത്വത്തിൽ നൽകിവരുന്നു. പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ കുട്ടികളെ പൗരബോധമുള്ളവരും ദേശസ്നേഹികളുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ പ്രത്യേക പരിഗണന നൽകി വരുന്നു. സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി മാറ്റുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. കൃഷിവകുപ്പിന്റെയും, ഗതാഗതവകുപ്പിന്റെയും, ആരോഗ്യ വകുപ്പിന്റെയുമൊക്കെ നേതൃത്വത്തിൽ ക്ലാസ്സുകളും, സെമിനാറുകളും മറ്റു ബോധവല്ക്കരണ പദ്ധതികളും നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ